"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 228/2012 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക '4217-60-800-93 Payment of Compensation in LAR Cases (Plan)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1792/2025/LSGD തീയതി, തിരുവനന്തപുരം, 21-07-2025**

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ.228/2012 നമ്പർ കേസിന്മേലുള്ള 16/10/2020 തീയതിയിലെ വിധിന്യായം.
2. സ.ഉ.(പി)നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 25/02/2025 തീയതിയിലെ എ3/3895/2012/ട്രിഡ നമ്പർ കത്ത്.
4. സ.ഉ.(സാധാ) നം.1553/2025/തസ്വഭവ, തീയതി, 23/06/2025.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18/06/2025 തീയതിയിലെ കെ1-421183/22 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 228/2012 നമ്പർ കേസിലെ 31/03/2025 വരെയുള്ള ബാലൻസ് തുകയായ 1,28,511/- രൂപ (ഒരു ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി അഞ്ഞൂറ്റി പതിനൊന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് സൂചന (3) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (3) പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് എൽ.എ.ആർ 228/2012 നമ്പർ കേസിലെ 31/03/2025 വരെയുള്ള ബാലൻസ് തുകയായ 1,28,511/- രൂപ (ഒരു ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി അഞ്ഞൂറ്റി പതിനൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിക്ക് അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എൽ.എ.ആർ. കേസുകളിൽ തുക കോടതിയിൽ കെട്ടി വയ്ക്കുന്നതുവരെ പലിശ നൽകേണ്ടതുണ്ട് എന്നുള്ളതിനാൽ മേൽ എൽ.എ.ആർ. 228/2012 നമ്പർ കേസിലെ

ബാലൻസ് വിധിക്കടത്തുകയായ 2,210/- രൂപ (രണ്ടായിരത്തി ഇരുന്നൂറ്റി പത്ത് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 197/1-1, 197/1-4 (L.A. Re.Sy.No.15/129)-ൽ ഉൾപ്പെട്ടതും ശ്രീ. യോഹന്നാൻ ഡാനിയേലിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.01 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 228/2012 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,210/- (രണ്ടായിരത്തി ഇരുന്നൂറ്റി പത്ത് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. യോഹന്നാൽ ഡാനിയേലിന് '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. യോഹന്നാൻ ഡാനിയേൽ, പുറമ്പരേത്ത് വീട്, കുമാരപുരം, മാടാത്തുവിളാകം മുറി, പട്ടം, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/5/2025/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 21-07-2025 16:11:52
സെക്ഷൻ ഓഫീസർ